ഉത്തരം

(എ) ഉണ്ട്.

(ബി) 23-10-1996-ലെ ജി.ഒ. (ആർ‌റ്റി.) 2799/96/തൊഴിൽ നമ്പരിലുള്ള വിജ്ഞാപനപ്രകാരമാണ് വിവിധ തോട്ടം മേഖലയിലെ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുള്ളത്. (അനുബന്ധം)†.

(സി) ഇപ്പോൾ സംസ്ഥാനത്ത് 686 തേയിലത്തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചതിനുശേഷം സ്റ്റേറ്റുമെന്റ് തയ്യാറാക്കി നൽകുന്നതാണ്.

(ഇ) പല തോട്ടങ്ങളിലും കൂലി കുടിശ്ശിക നൽകാനുണ്ടെന്നത് ഒരു വസ്തുതയാണ്.

(എഫ്) പ്രത്യേകം കരാർ ഉണ്ടാക്കിയിട്ടുള്ളതായി അറിവില്ല.

(ജി) തോട്ടം തൊഴിലാളികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട കൂലിയും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച നടന്നു വരികയാണ്. മാറ്റിവയ്ക്കപ്പെട്ട ക്ഷാമബത്ത നൽകുന്ന കാര്യത്തിൽ ധാരണയായിട്ടുണ്ട്. മറ്റു കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടിയിരിക്കുന്നു.

തോട്ടം തൊഴിലാളികൾക്കുള്ള കൂലിയും ക്ഷാമബത്തയും നൽകാൻ നടപടി

78 [3086] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തോട്ടം തൊഴിലാളികളുടെ കൂലി അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; ഇത് കാലോചിതമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർക്കാർ വിജ്ഞാപനം ചെയ്ത ക്ഷാമബത്ത നടപ്പാക്കാൻ ചില തോട്ടം മാനേജ്മെന്റുകൾ മടി കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) തോട്ടം തൊഴിലാളികളുടെ കൂലി കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും ക്ഷാമബത്ത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഇവർക്ക് ആശ്വാസം പകരുന്നതിനായി 2004-2005 വർഷത്തിൽ ഒരു പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

(ബി) ഇപ്പോൾ നിലവിലുള്ള തോട്ടം തൊഴിലാളികളുടെ കൂലി (1-4-1999 മുതൽ പ്രാബല്യത്തിലുള്ളത്) അവസാനമായി വർദ്ധിപ്പിച്ചത് 6-3-2000-ൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരമാണ്. ഇതിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചു. 1-4-2002 മുതലുള്ള കൂലി വർദ്ധനവിനെ സംബന്ധിച്ച് അതിനുശേഷം നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ചർച്ച നടന്നുവെങ്കിലും ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ല.

(സി ആന്റ് ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തോട്ടം ഉടമകൾ വേതനത്തിൽ കുറവ് വരുത്തണമെന്ന് നോട്ടീസ് നൽകിയിരുന്ന സാഹചര്യത്തിൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ നടന്ന ചർച്ചയുടെ ഫലമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് എന്ന നിലയിൽ 1-4-2002 മുതൽ നൽകേണ്ടിയിരുന്ന ക്ഷാമബത്ത വർദ്ധനവ് തൽക്കാലത്തേയ്ക്ക് മരവിപ്പിക്കുകയുണ്ടായി. ഇത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 2003 ഡിസംബറിലെ യോഗത്തിൽ ധാരണയായെങ്കിലും ഇതിനെതിരെ തോട്ടമുടമകളുടെ പ്രതിനിധികൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. എന്നിരുന്നാലും ഇതേപ്പറ്റി വീണ്ടും ചർച്ച നടത്തുകയും ഇപ്പോൾ കമ്മിറ്റിയിൽ ഉണ്ടായ ധാരണപ്രകാരം ഇത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ വേതന വർദ്ധനയെപ്പറ്റി ചർച്ചകൾ തുടരുന്നുവെങ്കിലും ധാരണയായിട്ടില്ല.

മാവൂർ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളി സമരം

79 [3087] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളി സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമരം തീർക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സമരം തീർക്കുന്നതുമായി ബന്ധപ്പെട്ട് എത്ര പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly